# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

**Web Edition Only** 2008 ജനുവരി 11

## ബിഷപ്പുമാർക്കെതിരെ ബാവായ്ക്കു പരാതി

കോട്ടയം: പരിശുദ്ധ കാതോലിക്കാ ബാവായുടെയും എപ്പിസ്ക്കോപ്പൽ സിനഡിന്റെയും അറിവോ സമ്മതമോ കൂടാതെ ജർമ്മൻകാരനു മലങ്കര ഓർത്തഡോക്സ് സഭയിലെ രണ്ടു ബിഷപ്പുമാർ ചേർന്നു മെത്രാൻസ്ഥാനം നൽകിയത് സഭാഭരണഘടനയുടെ ലംഘനവും കാനനു വിരുദ്ധവുമാണെന്നു ചൂണ്ടിക്കാട്ടി പരിശുദ്ധ കാതോലിക്കാ ബാവായ്ക്കു പരാതി ലഭിച്ചു. കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. തോമസ് മാർ അത്താനാസിയോസ്, തൃശൂർ മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് എന്നിവരുടെ നടപടികൾക്കെതിരെ സഭാ ഭരണഘടനയുടെ 118-ാം വകുപ്പ് അനുസരിച്ചാണു പരാതി.

സഭാ ഭരണഘടനയുടെ അഞ്ചാം വകുപ്പിൽ പറയുന്ന കാനൻ നിയമങ്ങളുടെ ലംഘനവും സഭകളുടെ സാമുദായിക കൂട്ടായ്മയുടെ മാർഗനിർദ്ദേശങ്ങൾ ലംഘിക്കുന്നതുമായിരുന്നു വാഴിക്കൽ. പൗരസ്ത്യ കാതോലിക്കായുടെ അനുമതിയില്ലാതെ മലങ്കര ഓർത്തഡോക്സ് സിറിയൻ സഭാംഗങ്ങളെ അന്ത്യോക്യയിലെ പരിശുദ്ധ ബാവാ വാഴിച്ചത് ചോദ്യം ചെയ്യുകയും സഭയ്ക്ക് അനുകൂലമായ വിധി സുപ്രീംകോടതിയിൽ നിന്നു സമ്പാദിക്കുകയും ചെയ്ത വിവരവും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. സഭാഭരണഘടനയുടെ 118-ാം വകുപ്പ് എന്നത് മേൽപ്പട്ടക്കാരുടെ പേരിലുള്ള പരാതിയെ സംബന്ധിച്ചുള്ളതാണ്. അത് ഇപ്രകാരമാണ്: മേല്പട്ടക്കാരുടെ പേരിലുള്ള പരാതി എപ്പിസ്ക്കോപ്പൽ സിനഡിന്റെ പ്രസിഡന്റിന്റെ അടുക്കൽ കൊണ്ടുവരേണ്ടതും പ്രസിഡന്റ് അത് സിനഡിൽ കൊണ്ടുവരേണ്ടതും ഇരു കക്ഷികൾക്കും നോട്ടീസ് കൊടുത്ത് തെളിവെടുത്ത് വാദം കേട്ടശേഷം സിനഡിന്റെ ഭൂരിപക്ഷാഭിപ്രായപ്രകാരം പ്രസിഡന്റ് വിധി പ്രസ്താവിക്കേണ്ടതുമാണ്.

(മനോരമ, ജനുവരി 10, 2008)

## പരാതി *ഉചാമറ*യുടെ സൃഷ്ടി

കോട്ടയം: 2008 ജനുവരി 10-ലെ മലയാള മനോരമയിൽ വന്ന 'ബിഷപ്പുമാർക്കെതിരെ ബാവായ്ക്കു പരാതി' എന്ന വാർത്ത *ഉചാമറ*യുടെ മോഹഭംഗത്തിൽ നിന്നുടലെടുത്തതാണെന്നു സൂചന.

ഡിസംബർ 6, 7, 19 തീയതികളിൽ വ്യാജവാർത്തകൾ സൃഷ്ടിച്ചിട്ടും ജനാഭിപ്രായം വാഴ്ചയ്ക്കനുകൂലമാണെന്നു കണ്ടെത്തൽ *ഉചാമറ*യെ ഞെട്ടിച്ചു. ജനുവരി 10-നു നിശ്ചയിച്ചിരുന്ന മാനേജിംഗ് കമ്മറ്റിയിൽ ഈ വിഷയം ഉന്നയിക്കാൻ ഭരണഘടനാപരമായി സാദ്ധ്യമല്ലെന്നു മനസ്സിലാവുകയും ചെയ്തതിനാലാണ് ഇത്തരമൊരു വാർത്ത സൃഷ്ടിച്ചത്. വിശദമായ വാർത്തയിൽ പരാതിക്കാരുടെ പേരുമില്ല. എന്നാൽ ഇപ്രകാരം ഒരു പരാതി ലഭിച്ചതായി ഇതുവരെ സ്ഥിരീകരണം ലഭിച്ചിട്ടില്ല.

## സുന്നഹദോസിനു പരാതി സ്വീകരിക്കാനാവില്ല

കോട്ടയം: സേവേറിയോസ് മൂസാ ഗുർഗാൻ മെത്രാപ്പോലീത്തായുടെ വാഴിക്കൽ സംബന്ധിച്ചു ഭരണഘടനയുടെ 118-ാം വകുപ്പുപ്രകാരം രണ്ടു മെത്രാന്മാർക്കെതിരെ നൽകിയതായി പറയപ്പെടുന്ന പരാതി ലഭിച്ചാൽ തന്നെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനു അത് പരിഗണിക്കാനാവില്ലന്നു കാനോൻ - ഭരണഘടനാ വിദഗ്ദർ.

2007 ഡിസംബർ 6-ലെ സുന്നഹദോസ് വിദേശമെത്രാനെ വാഴിച്ചതു സംബന്ധിച്ച വിഷയം ചർച്ച ചെയ്ത് ആ നടപടി അംഗീകരിച്ചതാണ്. അതിനാൽ ആ വിഷയത്തിൽ രണ്ടു മെത്രാന്മാർക്കെതിരെ ഇനിയൊരു നടപടി സാധ്യമല്ലെന്നാണ് കാനോൻ വിദഗ്ദരുടെ അഭിപ്രായം. തീരുമാനമെടുത്ത വിഷയം വീണ്ടും ചർച്ച ചെയ്യുന്ന കീഴ്വഴക്കം സുന്നഹദോസിനില്ല. അഥവാ ഈ വാഴിക്കൽ ഭരണഘടനാ വിരുദ്ധമാണെങ്കിൽത്തന്നെ ഇനിയൊരു നടപടിയെടുത്താൽ, ആ വാഴ്ച അംഗീകരിച്ച മുഴുവൻ സുന്നഹദോസ് അംഗങ്ങളുടെ പേരിലും നടപടി വേണ്ടിവരുമെന്നും അവർ പറയുന്നു.

## പരാതിക്കാരെ തേടി നെട്ടോട്ടം

പാമ്പാടി: ജനുവരി 10-ലെ വാർത്തയിൽ പറയുന്ന പരാതിയിൽ ഒപ്പിടാൻ ആളെ തിരക്കി 9-നു രാത്രിയിലും നെട്ടോട്ടം. *ഉചാമറ*യോട് അനുഭാവം പുലർത്തുന്ന സഭാംഗങ്ങൾ പോലും ഇത്തരം ഒരു പരാതിയിൽ ഒപ്പിടാൻ വിസമ്മതിച്ചതായാണ് അറിയുന്നത്.

**ഓഫ് സൈഡ് - ഓഫ് സൈഡ്**

## 'കൊക്കെ'ന്നെഴുതിയാൽ 'കാക്ക'യെന്ന് വായിക്കുന്നവർ

വർക്കിംഗ് കമ്മറ്റിയുടെ അജണ്ടയിൽ ചേർക്കുവാനുള്ള ഒരു പ്രശ്നവുമായി വന്നവരോട് പ. പിതാവ് ഇപ്രകാരം പറഞ്ഞതായി ദേവലോകം പിന്നാമ്പുറത്തു കേൾക്കുന്നു. മിനിട്ട്സിൽ ചേർക്കുന്നതിനു മുൻപ് ശരിയായി വായിച്ചുറപ്പിക്കണം. നിങ്ങൾ കൊക്കെന്നെഴുതിയാൽ കാക്കയെന്നായിരിക്കും നാളെ വായിക്കുക!

ആഗസ്റ്റ് സുന്നഹദോസിന്റെ മിനിട്ട്സ് തിരുത്തിയ ഉപജാപകസംഘം സമീപത്തു തന്നെയുണ്ടെന്ന ചിന്തയായിരിക്കാം പ. പിതാവിൽ നിന്നും ഇങ്ങിനെയൊരു പ്രതികരണമുയർത്തിയത്.

# മാനേജിംഗ് കമ്മറ്റി ഫെബ്രുവരി 6-ന്

കോട്ടയം: ജനുവരി 10-ന് നടത്താൻ നിശ്ചയിച്ചിരുന്ന മാനേജിംഗ് കമ്മറ്റിയോഗം ഫെബ്രുവരി 6-ന് നടത്താൻ സുന്നഹദോസിന്റെയും വർക്കിംഗ് കമ്മറ്റിയുടെയും സംയുക്ത യോഗം നിശ്ചയിച്ചു.

# മാർ മക്കാറിയോസിന്റെ കത്ത് വ്യാജരേഖയാക്കാൻ ശ്രമം

കോട്ടയം: വിദേശ മെത്രാൻവാഴ്ചയെ പിന്തുണച്ചുകൊണ്ട് മാർ മക്കാറിയോസ് അയച്ച ഫാക്സ് സന്ദേശം വ്യാജരേഖയാണെന്ന് പ്രചരിപ്പിക്കുവാൻ ശ്രമം നടന്നു.

റോഡപകടത്തിൽ ഗുരുതരമായി പരുക്കേറ്റ മാർ മക്കാറിയോസ് ഞായറാഴ്ച കാലം ചെയ്യുമെന്ന കണക്കുകൂട്ടലിലാണ് ഇതിനുള്ള നീക്കം നടത്തിയത്. ആ സമയത്ത് ഇത് വ്യാജരേഖയാണെന്നു വരുത്തിതീർത്താൽ വാഴിച്ച മെത്രാന്മാർ അപഹാസ്യരാവുമെന്നായിരുന്നു കണക്കുകൂട്ടൽ. കാലം ചെയ്തു കഴിഞ്ഞാൽ മാർ മക്കാറിയോസിന് ഈ ആരോപണം നിഷേധിക്കാനുമാവില്ല. എന്നാൽ കണക്കുകൂട്ടൽ തെറ്റിച്ചുകൊണ്ട് മാർ മക്കാറിയോസ് കാലം ചെയ്യാതിരുന്നതിനാൽ ഈ ശ്രമം മാറ്റി വെച്ചിരിക്കുകയാണെന്നാണ് അറിവ്.

എന്നാൽ മാർ മക്കാറിയോസ് സ്വന്തം കൈപ്പടയിലെഴുതിയ കത്ത് ഏതു കയ്യക്ഷര വിദഗ്ദരെക്കൊണ്ടും പരിശോധിപ്പിച്ച് ആധികാരികത ഉറപ്പാക്കാനാവുമെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു.

**ഓഫ് സൈഡ് - ഓഫ് സൈഡ്**

# ഇവരാണ് താരങ്ങൾ

കോട്ടയം: സിറിയൻ സഭാംഗമായ ഗുർഗാൻ റമ്പാനെ മെത്രാനായി വാഴിച്ചതിനെ തുടർന്ന് വിവാദ പുരുഷന്മാരായ ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലിത്തോസ്, ഓഗസ്റ്റ് സുന്നഹദോസ് മെത്രാൻ വാഴ്ച വേണ്ട എന്ന തീരുമാനത്തിലേക്ക് നീങ്ങിയപ്പോൾ അതിശക്തമായി വാദിച്ച് സുന്നഹദോസിനെക്കൊണ്ട് തീരുമാനമെടുപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് എന്നിവരാണ് ഇപ്പോൾ താരങ്ങൾ. പെരുന്നാൾ - കൺവെൻഷൻ സീസൺ വന്നതോടെ തെക്കൻ ഭദ്രാസനങ്ങളിലെ മിക്ക പള്ളിക്കാരും ഇവരെ ബുക്ക് ചെയ്യാൻ നെട്ടോട്ടമാണ്. പുതുതായി വാഴിക്കപ്പെട്ട ഗുർഗാൻ തിരുമേനിയുടെ ഫോൺ നമ്പർ ലഭിക്കാൻ അതിനിടയിൽ പലരും ദേവലോകത്ത് വിളിച്ചുചോദിച്ചു നിരാശരായി. ഫോൺ നമ്പറൊന്നു കിട്ടിയിരുന്നെങ്കിൽ പെരുന്നാളൊന്നു കൊഴുപ്പിക്കാൻ അദ്ദേഹത്തെ വിളിച്ചു വരുത്താമെന്നാണ് തെക്കുള്ള ചില നസ്രാണികളുടെ ആലോചന.

'ഉചാമറ'യുടെ ആത്മീയ പിതാവായ *റാസ്പുടിന്റെ* ആസ്ഥാനത്തിനു സമീപമുള്ള പള്ളികളെല്ലാം പെരുന്നാളിന് ഇപ്പോഴത്തെ താരങ്ങളെത്തന്നെ ക്ഷണിച്ചത് അദ്ദേഹത്തിന് തിരിച്ചടിയായതായി പാമ്പാടിയിൽ നിന്നുള്ള റിപ്പോർട്ടിൽ പറയുന്നു.



# മാർ അന്തോണിയോസ് രാജി വെച്ചു

കൊച്ചി: വടക്കൻ ഭദ്രാസനങ്ങളിലെ ഏറ്റവും ജനപ്രിയ ഇടവക മെത്രാപ്പോലീത്താ ആയ കൊച്ചി ഭദ്രാസനത്തിന്റെ സഖറിയാ മാർ അന്തോണിയോസ് ഭദ്രാസനഭരണം രാജി വെച്ചു.

അറുപത്തിഅഞ്ചാം വയസ്സിൽ ഭരണമൊഴിയുമെന്ന് മുൻകൂട്ടി പ്രഖ്യാപിച്ചിരുന്ന മാർ അന്തോണിയോസ് അറുപത്തിരണ്ടാം വയസിലാണ് നാടകീയമായി രാജിവച്ചത്.

സ്ലീബാദാസ സമൂഹത്തിന്റെ അദ്ധ്യക്ഷൻ കൂടിയായ മാർ അന്തോണിയോസ് ഇനിയുള്ള കാലം പൂർണ്ണസമയവും ആ പ്രസ്ഥാനത്തിനു വേണ്ടി മാത്രം പ്രവർത്തിക്കുമെന്ന് അദ്ദേഹത്തോടടുത്ത കേന്ദ്രങ്ങൾ പറഞ്ഞു. ആരോഗ്യപ്രശ്നങ്ങളാണ് രാജിക്കു പിന്നിലെന്നും അവർ പറയുന്നു. കൊച്ചിക്ക് പുതിയ മെത്രാൻ വരുന്ന മുറയ്ക്ക് സ്ലീബാദാസ സമൂഹം ആസ്ഥാനമായ കണ്ടനാട് കർമ്മേൽ ദയറായിലേയ്ക്കു താമസം മാറ്റുമെന്നും അറിയുന്നു. എന്നാൽ ഇളംകുളം പ്രശ്നത്തിൽ ഒരു മേല്പട്ടക്കാരൻ തനിക്കെതിരായി പരസ്യമായി നടത്തിയ ചില പരാമർശങ്ങളാണ് പെട്ടെന്നുള്ള രാജിക്കു പിന്നിലെന്നും സംസാരമുണ്ട്.

# തലവേദനയാകുന്ന രാജി

കോട്ടയം: അധികാരത്തിൽ കടിച്ചുതൂങ്ങി കിടക്കുകയും എല്ലാ സ്ഥാനങ്ങളും അധികാരവും സ്വന്തം കൈപ്പിടിയിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന മെത്രാന്മാർക്ക് കനത്ത ഒരു പ്രഹരമാണ് മാർ അന്തോണിയോസിന്റെ രാജി.

കൊച്ചി ഭദ്രാസനത്തിലെ വിഘടിത വിഭാഗക്കാർ പോലും ബഹുമാനിക്കുന്ന ജനപ്രീതിയാർജിച്ച മാർ അന്തോണിയോസ് അറുപത്തി രണ്ടാം വയസിൽ രാജി വെച്ചത് അധികാരമോഹികളെ ഞെട്ടിച്ചിരിക്കുകയാണ്. കോടിക്കണക്കിനു ആസ്തിയുള്ള വിദ്യാർത്ഥിപ്രസ്ഥാനം പോലെയുള്ള സ്ഥാപനങ്ങളല്ല,

മറിച്ച് പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 'സന്തോഷവും കിരീടവുമായ' ദരിദ്രമായ സ്ലീബാ ദാസ സമൂഹമാണ് മുഴുവൻസമയ പ്രവർത്തന മേഖലയായി തിരഞ്ഞെടുത്തിരിക്കുന്നതെന്നതും അധികാരമോഹികളെ അലോസരപ്പെടുത്തുന്നു.

തങ്ങളുടെ അധികാരമോഹത്തെ ഈ രാജി ചൂണ്ടിക്കാട്ടി ജനം ചോദ്യം ചെയ്യുമെന്ന് ഭയന്ന് രാജി സ്വീകരിക്കാനിടയില്ലെന്നും പറയപ്പെടുന്നു.

# മാർ തെയോഫിലോസിനു ചുമതല?

കോട്ടയം: ഡോ. തോമസ് മാർ മക്കാറിയോസിനു പകരം ക്യാനഡ - യൂറോപ്പ് ഭദ്രാസനത്തിന്റെ താൽക്കാലിക ചുമതല സഖറിയാ മാർ തെയോഫിലോസിനു നൽകാൻ രഹസ്യനീക്കം. ഇപ്പോൾ മലബാർ ഭദ്രാസന മെത്രാപ്പോലീത്തായാണ് മാർ തേയോഫിലോസ്.

കീഴ്‌വഴക്കമനുസരിച്ചു സമീപ ഇടവകയുടെ മെത്രാപ്പോലീത്തായ്ക്കാണ് താൽക്കാലിക ചുമതല നൽകുന്നത്. ഈ പതിവനുസരിച്ചാണ് തിരുവനന്തപുരത്തെ മാർ ദീയസ്ക്കോറോസ് കാലം ചെയ്തപ്പോൾ കൊല്ലത്തിന്റെ മാർ എപ്പിഫാനിയോസിനും സമീപകാലത്ത് കൽക്കട്ടയുടെ മാർ തേവോദോസ്യോസ് കാലം ചെയ്തപ്പോൾ ബോംബെയുടെ മാർ കൂറിലോസിനും ചുമതല നൽകിയത്. ഈ കീഴ്‌വഴക്കമനുസരിച്ച് സമീപസ്ഥലമായ അമേരിക്കയുടെ മാർ ബർണബാസ്, മാർ നിക്കോളോവാസ് എന്നിവർക്കാണ് ചുമതല നൽകേണ്ടത്.

ഇതിനു പകരം മാർ തേയോഫിലോസിനു ചുമതല നൽകാനുള്ള നീക്കം ഉപാജകസംഘത്തിന്റെ ഗൂഡാലോചനയാണെന്ന ആരോപണം ശക്തമാണ്. മാർ മക്കാറിയോസ് കാലം ചെയ്യുന്നതിനു മുമ്പ് താൽക്കാലിക പിൻഗാമിയെ നിയമിക്കാൻ നടത്തിയ നീക്കം വമ്പിച്ച പ്രധിഷേധത്തിനു കാരണമായിട്ടുണ്ട്.

## ഓഫ് സൈഡ് - ഓഫ് സൈഡ്

# ഇതൊരു തുടർക്കഥ

അതീവ പ്രഗത്ഭന്മാരായ മെത്രാപ്പോലീത്തന്മാർ സഭാതലവന്മാരായിക്കഴിഞ്ഞാൽ ഒരു ഉപജാപകസംഘം രൂപപ്പെടുകയും സഭാതലവൻ വാർദ്ധക്യസഹജമായ ശാരീരിക ബലഹീനതകൾക്ക് കീഴ്പ്പെടുമ്പോൾ ആ സംഘം ഫലത്തിൽ ഭരണമേറ്റെടുക്കുകയും ചെയ്യുന്നത് ഒരു തുടർക്കഥയായി വന്നുകൊണ്ടിരിക്കുന്നു. ഉഗ്ര പ്രതാപിയായ മാത്യൂസ് പ്രഥമൻ ബാവായ്ക്ക് പോലും അവസാന സമയത്ത് ഉപജാപകർ കാര്യകർത്താക്കളാകുന്നത് നിസ്സഹായനായി നോക്കി നിൽക്കേണ്ടി വന്നു. മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെ നെഞ്ചിലേറ്റി സ്നേഹിച്ച ജനം മാത്യൂസ് ദ്വിതീയൻ ബാവായ്ക്കും ഈ അനുഭവം വരുന്നത് വേദനയോടെ നോക്കി നിന്നു. ഇപ്പോഴിതാ പ്രഗത്ഭനായ ഭരണകർത്താവും ആദർശധീരനുമായ ദിദിമോസ് ബാവായെ അഗ്നിവലയത്തിലാക്കുന്നത് സ്വന്തം കയ്യാൽ ശമ്പളം കൊടുക്കുന്ന സെക്രട്ടറിയും പിൻഗാമിയും സുന്നഹദോസ് സെക്രട്ടറിയും ചേർന്നാണ്.

സെക്രട്ടറിമാർ തങ്ങളുടെ ബോസ് ആവശ്യപ്പെടുന്ന സമയത്തൊക്കെ സന്നിധിയിൽ എത്തിച്ചേരേണ്ടവരാണ്. ഈയടുത്ത ദിവസം പ്രത്യേക പ്രശ്നം ചർച്ച ചെയ്യാനെത്തിയ സംഘത്തിന്റെയാവശ്യങ്ങളടങ്ങിയ രേഖ സെക്രട്ടറിയെ ഏൽപ്പിക്കുവാൻ മൂന്നു പ്രാവശ്യം സ്വന്തം ശെമ്മാശനെ അയച്ചു വിളിപ്പിച്ചിട്ടും മൂവർ സംഘത്തിന്റെ യോഗം നടക്കുന്നതിനാൽ വരാൻ സാധ്യമല്ല എന്ന് പറഞ്ഞ സെക്രട്ടറി ധിക്കാരത്തിന്റെ ആൾരൂപമായി ഭവിച്ചു. വിഷസർപ്പങ്ങൾ പാലു കൊടുത്ത കൈക്ക് തന്നെ കൊത്തുമെന്ന ചൊല്ല് മറ്റു ചിലർക്കു കൂടി ബാധകമെന്നത് ഗുണപാഠം.

# നാടു കടത്തൽ നീക്കം പൊളിഞ്ഞു

പരുമല: പരുമല സെമിനാരി അസിസ്റ്റന്റ് മാനേജർ തോമസ് യോഹന്നാൻ റമ്പാനെ ഡൽഹി ഭദ്രാസനത്തിലേയ്ക്കു സ്ഥലം മാറ്റിയ നടപടി പ. പിതാവ് റദ്ദാക്കി.

ഡൽഹി ഭദ്രാസനത്തിൽ നിന്നും പരുമലയിലേക്ക് നിയോഗിക്കപ്പെട്ട തോമസ് യോഹന്നാൻ റമ്പാനെ പെട്ടെന്നാണ് ഡൽഹിയ്ക്കു സ്ഥലം മാറ്റിയത്. പ. പിതാവ് അറിയാതെയാണത്രെ ഈ സ്ഥലംമാറ്റ കല്പന പുറത്തിറങ്ങിയത്. താമസിച്ചു വിവരമറിഞ്ഞ പ. പിതാവ് ഉടൻതന്നെ കല്പന റദ്ദാക്കി, തോമസ് യോഹന്നാൻ റമ്പാനോട് ദേവലോകം അരമനയിൽ താമസിക്കാൻ ആവശ്യപ്പെട്ടു.

മാറാച്ചേരി തോമസ് പോൾ റമ്പാനെ എത്യോപ്യയ്ക്കു നാടുകടത്തിയതുപോലെ, അടുത്ത മെത്രാൻ തിരഞ്ഞെടുപ്പിലെ ഒരു എതിർ സ്ഥാനാർത്ഥിയേക്കൂടി ഒഴിവാക്കാൻ പ. പിതാവിന്റെ ഓഫീസിലെ സ്ഥാനാർത്ഥി നടത്തിയ കളിയാണ് ഈ സ്ഥലംമാറ്റമെന്ന് പറയപ്പെടുന്നു. കഴിഞ്ഞ മെത്രാൻ തിരഞ്ഞെടുപ്പിൽ തോമസ് യോഹന്നാൻ റമ്പാൻ സ്ഥാനാർത്ഥിയായിരുന്നു.

# ഒരു കോടി മുടക്കി അരമനപ്പള്ളിയും ഓഡിറ്റോറിയവും പണിതുകൊടുത്തു

ഇടുക്കി: ഇടുക്കി ഭദ്രാസനാസ്ഥാനത്തെ പള്ളിയും ഓഡിറ്റോറിയവും ജനുവരി 4-ന് കൂദാശ ചെയ്തു. ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പരിശ്രമഫലമായി ഇലഞ്ഞിക്കൽ ഇ. കോശി മാത്യു (ഷാജി) വാണ് പള്ളിയും ഓഡിറ്റോറിയവും പണിയുവാനുള്ള സംഭാവന കൊടുക്കാമെന്ന് ഏറ്റിരുന്നത്. ദീവന്നാസ്യോസ് തിരുമേനിയുടെ കാലത്തു തന്നെ പണി ആരംഭിച്ചുവെങ്കിലും അത് പൂർത്തിയാകുംമുമ്പേ അദ്ദേഹം കാലം ചെയ്തു. എങ്കിലും പണി മുമ്പോട്ടു നീങ്ങി. ഇലഞ്ഞിക്കൽ കുടുംബത്തിന്റെ അത്മീയ മദ്ധ്യസ്ഥനായ വടക്കൻപറവൂർ കബറടങ്ങിയിരിക്കുന്ന മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദിന്റെ നാമത്തിലാണ് പള്ളി സ്ഥാപിച്ചിരിക്കുന്നത്. ഒന്നാം മാർത്തോമ്മായുടെ മെത്രാൻസ്ഥാന സ്ഥിരീകരണം നടത്തി മലങ്കരസഭയെ സത്യവിശ്വാസത്തിലേയ്ക്ക് നയിച്ച ഈ പിതാവിന്റെ നാമത്തിൽ ദേവാലയം സ്ഥാപിച്ചത്, മലങ്കരസഭ ആ പിതാവിനോടു കാട്ടിയ കൃതഘ്നതയ്ക്ക് ഒരു പരിധി വരെ പരിഹാരമായി. ഗൾഫിൽ നിരവധി ബിസിനസുകളിൽ ഏർപ്പെട്ടിരിക്കുന്ന കോശി മാത്യു വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയരുതെന്ന പക്ഷക്കാരനാണ്. അദ്ദേഹം ഒരു കോടിയോളം രൂപ ഇതിനായി മുടക്കിയെന്നാണ് അറിയുന്നത്. സ്വന്തം പേര് പ്രശസ്തമാക്കാൻ ലക്ഷങ്ങൾ കളയുന്ന മലങ്കരസഭയിലെ കോടീശ്വരന്മാർ ഇത് കണ്ടു പഠിച്ചിരുന്നെങ്കിൽ!

**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi**
**(Reg. No. K 713/2005), PB No. 652, Kottayam**